4. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 2,08,735 ഉപഭോക്താക്കൾക്ക് സൗജന്യമായി വൈദ്യുതി കണക്ഷൻ നൽകുക.

5. 25 സബ്സ്റ്റേഷനുകൾ സ്ഥാപിക്കുക.

2005-2007 കാലയളവിലാണ് ഈ പദ്ധതി പൂർത്തീകരിക്കുവാൻ വിഭാവന ചെയ്തിരിക്കുന്നത്.

വൈദ്യുതി ബോർഡിന്റെ റവന്യൂ ഡെഫിസിറ്റ്

33 [345] *ശ്രീ. ടി. എൻ. പ്രതാപൻ :*

„ *എ. കെ. മണി :*

„ *ബി. വിജയകുമാർ :*

„ *എം. മുരളി :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.ഡി.എഫ്. ഗവൺമെന്റിന്റെ അവസാന വർഷത്തിൽ വൈദ്യുതി ബോർഡിലെ റവന്യൂ ഡെഫിസിറ്റ് എത്രയായിരുന്നു;

(ബി) മുൻ മന്ത്രിസഭയുടെ കാലത്ത് ഇത് എത്രയാക്കി ചുരുക്കുവാൻ കഴിഞ്ഞു; ഇപ്പോൾ വൈദ്യുതി ബോർഡിലെ റവന്യൂ ഡെഫിസിറ്റ് എത്രയാണ്?

ഉത്തരം

(എ) ആഡിറ്റ് ചെയ്ത കണക്കുകൾ പ്രകാരം 2000-2001 സാമ്പത്തിക വർഷാവസാനം ബോർഡിന്റെ റവന്യൂ ഡെഫിസിറ്റ് 1286.05 കോടി രൂപ ആയിരുന്നു.

(ബി) 2001-02 സാമ്പത്തിക വർഷാവസാനം ആഡിറ്റു ചെയ്ത കണക്കുകൾ പ്രകാരം ബോർഡിന്റെ റവന്യൂ ഡെഫിസിറ്റ് 1316.43 കോടി രൂപ ആയിരുന്നു. 2002-03-ലെ ആഡിറ്റ് ചെയ്ത കണക്കുകൾ പ്രകാരം റവന്യൂ ഡെഫിസിറ്റ് 1015.57 കോടി രൂപയായി കുറഞ്ഞു.

2003-04-ലെ താൽക്കാലിക കണക്കുകൾ പ്രകാരം ബോർഡിന്റെ റവന്യൂ ഡെഫിസിറ്റ് 1007.43 കോടി രൂപയായി വീണ്ടും കുറഞ്ഞു.

സംസ്ഥാന റഗുലേറ്ററി കമ്മീഷന്റെ കണക്ക് പ്രകാരം 2004-05 വർഷം റവന്യൂ ഡെഫിസിറ്റ് 296 കോടി രൂപയാണ്. ബോർഡിന്റെ പ്രൊവിഷണൽ കണക്കുപ്രകാരം ടി വർഷം ഈ ഇനത്തിൽ ഉദ്ദേശം 350 കോടി രൂപയോളം വരുമെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly